# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>തൊഴിലുടമ - തൊഴിലാളി ബന്ധം ശക്തമാക്കുന്നതിന് നടപടി</u>

2506 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുടമ - തൊഴിലാളി ബന്ധം ശക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്കോ നിയമനിർമ്മാണത്തിനോ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിദിന വേതനത്തിനാണെങ്കിലും സ്ഥിരമായിട്ടാണെങ്കിലും ജോലി ചെയ്യുന്ന തൊഴിലാളിക്ക് തൊഴിലുടമ തങ്ങളെക്കൊണ്ട് ചെയ്യിക്കുന്ന ജോലിയുടെ ഗൗരവം, നിയമസാധുത, അപകടസാധ്യത, ജോലിക്കിടയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാലും അപകടങ്ങൾ ഉണ്ടായാലും നിയമപരമായും കുഴപ്പങ്ങളില്ലാതെയും പരിഹരിക്കാനുള്ള ഉപാധികളെക്കുറിച്ചുള്ള അറിവ് എന്നിവ മുൻകൂട്ടി ലഭിക്കാനുള്ള സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഓരോ തൊഴിലുടമയും തൊഴിലാളിയും ഇതു സംബന്ധിച്ച് മുൻകൂറായി ചെയ്യേണ്ട കാര്യങ്ങൾ ഒരു നിയമമായി നിർമ്മിക്കുമോ ;

(ഡി) ഇത്തരം ഒരു നിയമത്തിലൂടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, കള്ളക്കടത്ത് തുടങ്ങിയ നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ നിന്നും തൊഴിലിന്റെയും കൂലിയുടെയും പേരിൽ അകപ്പെട്ടുപോകുന്ന പാവപ്പെട്ട തൊഴിലാളികളെ മുൻകൂറായി ബോദ്ധ്യപ്പെടുത്തുവാനും രക്ഷിക്കുവാനും സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇപ്രകാരമുള്ള ബോധവൽക്കരണത്തിലൂടെയും മുന്നറിയിപ്പിലൂടെയും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്ന് തൊഴിലാളികളെ രക്ഷിക്കുന്നതിനും, തൊഴിലുടമയ്ക്കുവേണ്ടി നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന തൊഴിലാളികളെ പ്രധാന പ്രതികളെപ്പോലെ കണ്ട് നിയമ നടപടികൾ എടുക്കുന്നതിനും കഴിയുന്ന നിയമങ്ങൾ നിലവിലുണ്ടോ എന്നു പറയാമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>തൊഴിൽ നിയമലംഘനം</u>

2507

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുടമകൾ തൊഴിൽ നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ നിയമം ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) തൊഴിൽ വിഹിതം അടയ്ക്കാത്ത തൊഴിലുടമയ്ക്ക് എതിരെ നടപടി സ്വീകരിക്കുന്നതിനും അർഹരായ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>തൊഴിൽവകുപ്പ് പുന:സംഘടന</u>

2508 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് പി.ആന്റ്. എ.ആർ.ഡി. പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>പദ്ധതി വിനിയോഗം</u>

2509 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 ബജറ്റിൽ തൊഴിലും തൊഴിലാളി ക്ഷേമത്തിനുമായി പദ്ധതി വിഹിതമായി നീക്കിവെച്ചിരുന്ന 604 കോടി രൂപയിൽ ഡിസംബർ 31 വരെ 175 കോടി (25%) രൂപ മാത്രം ചെലവാക്കാനിടയായത് അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഏതൊക്കെ പദ്ധതികൾക്കായാണ് തുക നീക്കി വെച്ചിരുന്നതെന്നും അവ ഓരോന്നിന്റെയും പുരോഗതിയും അറിയിക്കുമോ;

(സി) ഇതിൽ കേന്ദ്രവിഹിതമായി ലഭിച്ച തുകയും അതിന്റെ വിനിയോഗവും വിശദമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

ദിവസക്കൂലി ജീവനക്കാരുടെ വേതന പരിഷ്കരണം

2510 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ, സൂപ്പർമാർക്കറ്റ്, മറ്റ് റീട്ടയിൽ ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിൽ ദിവസക്കൂലിക്ക് ജോലി ചെയ്തു വരുന്ന തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന കൂലി തികച്ചും പരിമിതമാണെന്നുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തൊഴിലാളികൾക്ക് അംഗീകൃത മിനിമം വേതനം ഉറപ്പു വരുത്തുന്നതിന് നടപടിയുണ്ടാകുമോ;

(സി) പാക്കിംഗ്, വില്പന എന്നീ രംഗങ്ങളിൽ പണി ചെയ്തു വരുന്ന ഈ തൊഴിലാളികൾ ചിലയിടങ്ങളിൽ പത്തു മണിക്കൂറിലധികം ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം നിലവിലുളളത് സംബന്ധിച്ച് അന്വേഷണം നടത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>മിനിമം വേതനനിയമ പ്രകാരമുള്ള കേസ്സുകൾ</u>

2511

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ മിനിമം വേതന നിയമപ്രകാരമുളള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം മൂലം തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് ഡെപ്യൂട്ടി ലേബർ കമ്മീഷണറെയാണോ ജോയിന്റ് ലേബർ കമ്മീഷണറെയാണോ ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ ആർക്കാണ് നിയമപ്രകാരം ഈ വിഷയം കൈകാര്യം ചെയ്യാനുള്ള അധികാരമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിലെ നഴ്സുമാർക്ക് മിനിമം വേതനം</u>

2512 ശ്രീ. ബെന്നി ബെഹനാൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' റ്റി. എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലെ നഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം</u>

2513 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിനു പരിധിയിലുള്ള സ്വകാര്യ ആശുപത്രികൾ എത്രയെന്നും ഇവിടെ ജോലിയെടുക്കുന്ന നഴ്സുമാർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡല പരിധിയിലെ ഏതൊക്കെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഉറപ്പാക്കിയിട്ടില്ലാത്ത സ്ഥലങ്ങളിൽ മിനിമം വേതനം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സെക്യൂരിറ്റി തൊഴിലാളികൾക്ക് മിനിമം കൂലി</u>

2514 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി തൊഴിലാളികൾക്ക് മിനിമംകൂലി നിയമം പ്രാബല്യത്തിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽപോലും ഇവർക്ക് മിനിമംകൂലി നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിനിമംകൂലി നൽകാത്ത സ്ഥാപനങ്ങളിൽ ആയത് നൽകുവാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) കേന്ദ്ര സെക്യൂരിറ്റി ആക്ട് 2005 കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത് എന്ന് അറിയിക്കാമോ;

(ഇ) ഈ നിയമം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## <u>അന്യസംസ്ഥാനത്തൊഴിലാളികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ</u>

2515 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തൊഴിലെടുക്കുന്ന 25 ലക്ഷത്തോളം അന്യസംസ്ഥാനത്തൊഴിലാളികൾക്കായി എന്തെല്ലാം ആനുകൂല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളുമാണ് നടത്തിവരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഈ തൊഴിലാളികളെക്കൊണ്ടു തൊഴിലെടുപ്പിക്കുന്ന ലേബർ കോൺട്രാക്ടർമാർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) അംഗീകൃത ലേബർ കോൺട്രാക്ടർമാരുടെ കീഴിലല്ലാതെ അന്യസംസ്ഥാനത്തൊഴിലാളികൾ ജോലിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം</u>

2516 ശ്രീ. പി. എ. മാധവൻ
,, പാലോട് രവി
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം</u>

2517 ശ്രീ. അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.റ്റി.ഐ. കൾ നവീകരിച്ച് സ്കിൽ വികസന രംഗത്തുള്ള കുതിച്ച് ചാട്ടത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ശരണ്യ തൊഴിൽ പദ്ധതി</u>

2518 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശരണ്യ തൊഴിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം ആർക്കെല്ലാമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;

(ഡി) എന്തെല്ലാം ധനസഹായങ്ങളും വായ്പകളുമാണ് ഈ പദ്ധതി പ്രകാരം നൽകുന്നത്?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ബീഡി - സിഗാർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

2519 ശ്രീ. സി. ദിവാകരൻ
,, ഇ.കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബീഡി - സിഗാർ മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്; ഇതിൽ സ്ത്രീ തൊഴിലാളികൾ എത്ര;

(ബി) ഈ മേഖലയിൽ പ്രതിവർഷം എത്ര തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്; ഈ തൊഴിലാളികളുടെ പ്രതിദിന വേതനം എത്രയാണ്; അയൽ സംസ്ഥാനങ്ങളിൽ ഈ വിഭാഗം തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രതിദിന വേതനം എത്രയാണ്;

(സി) ഈ മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാം; ഇതിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) ഈ രംഗത്ത് തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ എന്തെല്ലാം; ഇല്ലെങ്കിൽ പുനരധിവാസ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഈറ്റ, ചൂരൽ, കാട്ടുവള്ളി എന്നിവ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ</u>

2520 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ബാംബൂ കോർപ്പറേഷന്റെ കിഴിൽ സബ് ക്ഷേമനിധി ഓഫീസ് തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈറ്റ, ചൂരൽ, കാട്ടുവള്ളി എന്നിവ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്ന 10 ലക്ഷത്തോളം വരുന്ന തൊഴിലാളികളെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കൂലി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈറ്റ, ചൂരൽ, കാട്ടുവള്ളി മുതലായവ ഉപയോഗിച്ച് വട്ടി, കുട്ട, പായ് എന്നിവ നിർമ്മിച്ച് വിറ്റ് ഉപജീവനം കഴിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികളെ എ.പി.എൽ ലിസ്റ്റിൽ നിന്ന് ബി.പി.എൽ ലിസ്റ്റിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് നൽകികൊണ്ടിരിക്കുന്ന വീട്, കക്കൂസ്, കിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള ധനസഹായം, പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം, മരണാനന്തര ധനസഹായം എന്നിവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകൾ ലയിപ്പിക്കാൻ നടപടി</u>

T. 2521

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധി ബോർഡുകൾ ലയിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകുമെന്ന് കരുതുന്ന പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## ക്ഷേമനിധി ബോർഡുകളുടെ ബാങ്ക് അക്കൗണ്ടുകൾ

2522

ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ ബാങ്ക് അക്കൗണ്ടുകളിൽ ഓരോന്നിലും എത്ര രൂപ വീതം ഉണ്ടായിരുന്നു; അവ ഏതൊക്കെ ബാങ്കുകളിലായിരുന്നു; ഓരോ ക്ഷേമനിധിയിലും ഫിക്സഡ് ഡെപ്പോസിറ്റ്, കറന്റ് അക്കൗണ്ട് എന്നീ വിവിധ അക്കൗണ്ടുകളിൽ എത്ര രൂപ വീതം ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഏതൊക്കെ ക്ഷേമനിധികളിലെ തുക ഏതൊക്കെ ബാങ്കുകളിലേയ്ക്ക് മാറ്റി എന്നും അവ ഏതൊക്കയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഓരോ ക്ഷേമനിധിയുടേയും അക്കൗണ്ടിൽ എത്ര തുക വീതം ഫിക്സഡ് ഡെപ്പോസിറ്റ്, കറണ്ട് അക്കൗണ്ട് എന്നിങ്ങനെ വിവിധ അക്കൗണ്ടുകളിൽ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; ക്ഷേമനിധി ബോർഡുകളുടെ തുകകൾ പുതിയതായി ബാങ്കുകളിലേക്ക് മാറ്റുവാൻ ഉത്തരവുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ക്ഷേമപെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

T. 2523 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന് കുടുംബ വരുമാനം പ്രധാന മാനദണ്ഡമാക്കുന്നത് മൂലം വർഷങ്ങളോളം തൊഴിൽ ചെയ്യുകയും ക്ഷേമ നിധി വിഹിതം മുടക്കം കൂടാതെ അടയ്ക്കുകയും ചെയ്യുന്നവർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിന് വ്യക്തിഗത വരുമാനം മാനദണ്ഡമായി പരിഗണിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡിന്റെ നിക്ഷേപങ്ങൾ</u>

2524 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധിവിഹിതം ഏതു ബാങ്കുകൾ മുഖേനയാണു സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുതക്ഷേമനിധിവിഹിതം ഏതു ബാങ്കിലാണു നിക്ഷേപിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിക്ഷേപമായി എത്ര തുക വീതം ഏതൊക്കെ ബാങ്കുകളിൽ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുതബാങ്കുകളിൽ ഏതൊക്കെയാണ് സ്വകാര്യബാങ്കുകൾ എന്നും അവയിൽ നിക്ഷേപം നടത്തുന്നതിന് ഏത് നിയമം, ചട്ടം, സർക്കാർ ഉത്തരവ് എന്നിവയാണ് ബോർഡിന് അധികാരം നൽകുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ക്ഷേമനിധി കുടിശ്ശികയുടെ വിതരണം</u>

2525 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽവകുപ്പ് നൽകിവരുന്ന ഏതെല്ലാം ക്ഷേമനിധി പെൻഷനുകൾ എത്ര മാസത്തേയ്ക്ക് കുടിശ്ശിക ആയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) കുടിശ്ശികയായിട്ടുള്ള ക്ഷേമനിധി പെൻഷനുകൾ എന്നുമുതൽ കൊടുത്തുതുടങ്ങാനാണുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതി</u>

2526 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതി ഭേദഗതി ചെയ്യണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകാൻ അർഹതയുള്ള എത്ര തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇവരിൽ എത്ര തൊഴിലാളികളാണ് ഇതുവരെ പദ്ധതിയിൽ ചേർന്നത്;

(ഇ) മുഴുവൻ തൊഴിലാളികളെയും പദ്ധതിയിൽ ചേർക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ചില്ലറ വില്പന മേഖലയിലെ തൊഴിലാളികൾ</u>

2527 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില്ലറ വില്പന മേഖലയിൽ എത്രപേർ തൊഴിലെടുക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) ചില്ലറ വില്പന മേഖലയിൽ വിദേശനിക്ഷേപം വന്നാൽ ഇവിടെ തൊഴിലെടുക്കുന്നവരെയും ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചില്ലറ വില്പനമേഖലയിൽ വിദേശനിക്ഷേപ കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>പ്രസവകാല വേതനം നിശ്ചയിച്ച നടപടി</u>

2528

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിലെ ഇപ്പോഴത്തെ അംഗത്വം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നിയമപ്രകാരം അംഗത്വമുള്ള വനിതാ ജീവനക്കാരുടെ പ്രസവകാലവേതനം 12 ആഴ്ചക്കാലത്തെ വേതനത്തിനു തുല്യമായ തുകയായിരിക്കുമെന്നു തീരുമാനമുണ്ടെങ്കിലും പ്രസവകാല വേതനം 5000 (അയ്യായിരം) രൂപയായി നിശ്ചയിച്ച നടപടി തിരുത്തുമോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ</u>

2529 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് എത്ര രൂപയാണ് ഫെസ്റ്റിവൽ അലവൻസ് നൽകുന്നത്;

(ബി) തൊഴിലാളികൾ അടയ്ക്കേണ്ട വിഹിതം എത്ര രൂപയായാണ് നിജപ്പെടുത്തിയിരിക്കുന്നത്;

(സി) ഇവരുടെ പെൻഷൻ തുക കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മറ്റ് പെൻഷൻ ലഭിക്കുന്നവർക്ക് നിർമ്മാണ തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സം ഉണ്ടോ; എങ്കിൽ വിശദീകരണം നൽകാമോ;

(ഇ) നിർമ്മാണമേഖലയിൽ നിന്ന് കൃത്യമായി സെസ്സ് പിരിക്കുന്നതിന് തടസ്സമുണ്ടോ; എത്ര രൂപയാണ് ഈ ഇനത്തിൽ ബോർഡിന് ലഭിക്കുന്നത്?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കൺസ്ട്രക്ഷൻ അക്കാഡമി രൂപീകരിക്കുന്നതിനുള്ള പദ്ധതി</u>

2530 ശ്രീ. വി .ഡി. സതീശൻ
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്ട്രക്ഷൻ അക്കാഡമി രൂപീകരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡ്</u>

2531 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കഴിഞ്ഞ 10 വർഷത്തെ വരുമാനം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡിലെ ഫണ്ടുകൾ ബാങ്കിൽ നിക്ഷേപിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണ്;

(സി) നിലവിൽ ഈ ബോർഡിന് ഏതൊക്കെ ബാങ്കിൽ എത്ര രൂപ വീതം നിക്ഷേപമുണ്ട്; പ്രസ്തുത നിക്ഷേപങ്ങൾക്ക് വർഷം ലഭിക്കുന്ന പലിശയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഉയർന്ന പലിശ ലഭിക്കുന്ന സർക്കാർ നിയന്ത്രണ ധനകാര്യ സ്ഥാപനങ്ങളെ ഒഴിവാക്കി മറ്റ് ചില ധനകാര്യ സ്ഥാപനങ്ങളിൽ തുക നിക്ഷേപിക്കുന്നതിലൂടെ ബോർഡിന് വൻതുക നഷ്ടമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നിർമ്മാണ തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന തുക കൃത്യമായി ബാങ്കുകളിൽ നിക്ഷേപിക്കാനും നിലവിൽ നിരുത്തരവാദമായി ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ബോർഡിനുണ്ടായ നഷ്ടം കണ്ടെത്തി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനും നടപടി സ്വീകരിക്കുമോ;

(എഫ്) നിർമ്മാണ തൊഴിലാളികൾക്ക് ബോർഡ് നൽകുന്ന പെൻഷന് അർഹരായവർ എത്ര പേരുണ്ട്; ജില്ല തിരിച്ചുള്ള കണക്ക്, ചെലവാകുന്ന തുക ഇവ വ്യക്തമാക്കുമോ;

(ജി) പെൻഷണർ മരണപ്പെട്ടാൽ പെൻഷണറുടെ അവകാശിക്ക് പെൻഷൻ തുടർന്നും നൽകാൻ വ്യവസ്ഥ നിലവിലുണ്ടോ; നിലവിൽ പെൻഷണർ ജീവിച്ചിരിക്കുന്നുണ്ടോ/മരണപ്പെട്ടോ എന്നത് സംബന്ധിച്ച് ബോർഡ് കണക്കാക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

2532 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലത്തിനുള്ളിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വരൂപിച്ച തുക ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) പുതിയ നിർമ്മാണങ്ങൾക്ക് പ്രസ്തുത ബോർഡിൽ ഒടുക്കേണ്ടതായ തുക സ്വരൂപിക്കാനുള്ള അധികാരി ആരാണ്;

(സി) പുതിയ നിർമ്മാണങ്ങൾക്ക് ബോർഡിൽ തുക ഒടുക്കാൻ നൽകിയ നോട്ടീസ്, തുടർ നടപടികൾ, ജപ്തി ഇവ സംബന്ധിച്ച് ഓരോ ജില്ലയിലും സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

കര്‍ഷകതൊഴിലാളിക്ഷേമനിധി ബോര്‍ഡ് പ്രതിസന്ധി

2533 ശ്രീ. പി. കെ. ഗുരുദാസന്‍
,, കെ. ദാസന്‍
,, സി. കെ. സദാശിവന്‍
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷക തൊഴിലാളി ക്ഷേമനിധി ബോര്‍ഡിന്റെ പ്രവര്‍ത്തനം പ്രതിസന്ധിയിലായിരിക്കുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ചികിത്സാ സഹായം, പ്രസവാനുകൂല്യം, അതിവര്‍ഷാനുകൂല്യം, മരണാനന്തര സഹായം, വിവാഹ ധനസഹായം ഉള്‍പ്പെടെയുളളവ കുടിശ്ശികയായിരിക്കുന്ന സാഹചര്യത്തില്‍ തൊഴിലാളികള്‍ ബുദ്ധിമുട്ടുകള്‍ നേരിടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ കെട്ടിക്കിടക്കുന്ന രണ്ടരലക്ഷം അപേക്ഷകളില്‍ ഉടനടി തീര്‍പ്പുണ്ടാക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) കര്‍ഷകതൊഴിലാളി ക്ഷേമനിധി ബോര്‍ഡ് സാമ്പത്തിക പ്രതിസന്ധിയിലാകാനുളള കാരണം പരിശോധിച്ചിട്ടുണ്ടോ; കുടിശ്ശിക തീര്‍ക്കാനായി എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് വിമാനത്താവളത്തിലെ കരാർത്തൊഴിലാളികൾ</u>

2534 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ വിവിധ എയർലൈനുകളുടെ ഫ്ളൈറ്റ് ക്ലിയറൻസ്, കാർഗോ, വിമാനത്താവളശുചീകരണം, ഹെഡ്ലോഡ്, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുവെന്ന കണക്ക് ജില്ലാ ലേബർ ഓഫീസിലോ കൊച്ചിയിലെ സെൻട്രൽ ലേബർ ഓഫീസിലോ ലഭ്യമാണോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ, ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ, വിവരം ശേഖരിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) ഈ തൊഴിലാളികൾക്ക് ന്യായമായ അവകാശങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) കൊണ്ടോട്ടി കേന്ദ്രമായി ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങാനുള്ള ഇ.എസ്.ഐ. കോർപ്പറേഷന്റെ തീരുമാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>സുതാര്യ കേരളം വഴി സമർപ്പിച്ച പരാതി</u>

2535 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സുതാര്യ കേരളം' വഴി ലഭിക്കുന്ന പരാതികൾ വിശകലനം ചെയ്യാറുണ്ടോ ;

(ബി) 'സുതാര്യ കേരളം' വഴി രാമചന്ദ്രൻ .കെ .കെ എന്നയാൾ സമർപ്പിച്ച അപേക്ഷ പ്രകാരം സെക്രട്ടേറിയറ്റിലെ തൊഴിൽ വകുപ്പിന്റെ 3690(ജെ) നമ്പർ ഫയലിലെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ ;

(സി) അപേക്ഷകന് അനുകൂലമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന വർക്ക് സ്വകാര്യ മേഖലയിലും തൊഴിൽ

2536 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്യുന്നവർക്ക് സർക്കാർ സ്ഥാപനങ്ങൾക്കൊപ്പം സ്വകാര്യ മേഖലയിലും തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർചെയ്യുന്ന ഓരോ ഉദ്യോഗാർത്ഥിയുടേയും അഭിരുചിയും കഴിവും തിരിച്ചറിയുന്നതിനായി പരീക്ഷ നടത്തുകയും പിഴവുകൾ തിരിച്ചറിഞ്ഞു വിദഗ്ദ്ധ പരിശീലനം നടത്തി മിടുക്കരാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ;

(സി) വിദഗ്ദ്ധ പരിശീലനം നേടിയ ഉദ്യോഗാർത്ഥികളുടെ ടെസ്റ്റ് സ്കോർ തയ്യാറാക്കി ഇവരുടെ ബയോഡാറ്റായിൽ ഉൾപ്പെടുത്തി സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകാനും തൊഴിലവസരങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഉദ്യോഗാർത്ഥികളുടെ മൊബൈലിൽ എസ്.എം.എസ് അലർട്ട് നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## എംപ്ലോയബിലിറ്റി സെന്ററുകൾ

2537 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ പരിശീലന കേന്ദ്രങ്ങളാക്കി (എംപ്ലോയബിലിറ്റി സെന്റർ) മാറ്റുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നാം ഘട്ടത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) എംപ്ലോയബിലിറ്റി സെന്ററുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

രജിസ്ട്രേഷൻ പുന:സ്ഥാപിച്ചു നൽകുന്നതിനുള്ള നടപടി

2538 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തതിനുശേഷം യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തതുകാരണം ആയതു നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ പുന:സ്ഥാപിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സീനിയോറിറ്റി മറി കടന്ന് നിയമനം</u>

2539 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനത്തിനായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ സീനിയോറിറ്റി മറി കടന്ന് ഉദ്യോഗാർത്ഥികളുടെ പട്ടിക ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതികളെ സംബന്ധിച്ച വിശദാംശങ്ങളും പരാതികളിന്മേൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഭിന്നശേഷിയുള്ളവരുടെ കണക്ക്</u>

2540

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവരുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) എങ്കിൽ സീനിയോറിറ്റി ലിസ്റ്റ് ഏതുവരെ അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സീനിയോറിറ്റി ലിസ്റ്റ് മറികടന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള ചട്ട പ്രകാരം 50% ൽ കൂടുതൽ വൈകല്യമുള്ളവർക്ക് സീനിയോറിറ്റി മറികടന്ന് നിയമനം നൽകാൻ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>പയ്യന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ നടപടി</u>

2541 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂരിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് ബ്യൂറോ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്കി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷനുള്ള മേഖല കേന്ദ്രീകരിച്ച് പയ്യന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ. യിൽ ടൊയോട്ട ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രോഗ്രാം</u>

2542 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്കിൽ ഡവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി ടൊയോട്ട ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രോഗ്രാം ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ. യിൽ ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

**ന്യൂനപക്ഷ മേഖലയിൽ ഉറുദ്ദു ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

2543 ശ്രീ. പി. റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷമേഖലയിൽ ഉറുദ്ദു ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് നോഡൽ ഓഫീസർമാരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ഗവ. ഐ.റ്റി.ഐ.യിൽ അഡീഷണൽ ബ്ലോക്ക്</u>

2544 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റിങ്ങൾ ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ അഡീഷണൽ ബ്ലോക്ക് ഫേസ്-2 ന് പദ്ധതിയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കൊണ്ടോട്ടിയിൽ പുതിയ ഐ.ടി.ഐ.</u>

2545 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഐ.ടി.ഐ.കൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൊണ്ടോട്ടിയിൽ പുതിയ ഐ.ടി.ഐ. തുടങ്ങണമെന്ന ആവശ്യത്തിന്മേലുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## ആർ.എസ്.ബി.വൈ, ആം ആദ്മി എന്നീ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ

2546 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ, ആം ആദ്മി എന്നീ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ഇവ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള സംവിധാനവും നടപടിക്രമവും എന്താണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള നടപടിക്രമങ്ങളിലെ വീഴ്ചകൾ കാരണം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(സി) ഈ പദ്ധതികൾക്കായി 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലായി കേന്ദ്രസർക്കാർ ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിവിധ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

**<u>ആർ.എസ്.ബി.വൈ നടത്തിപ്പിലുള്ള അപാകത നീക്കുന്നതിന് നടപടി</u>**

2547 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ നടത്തിപ്പിലുള്ള അപാകത നീക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ബി.പി.എൽ, എ.പി.എൽ വിഭാഗക്കാർക്ക് പ്രസ്തുത പദ്ധതി പ്രകാരം മെഡിക്കൽ കോളേജിലും ജില്ലാ താലൂക്ക് ആശുപത്രികളിലും എല്ലാ സി.എച്ച്.സി, പി.എച്ച്.സി കളിലും കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ചികിത്സ ലഭിക്കുന്ന സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് നൽകാമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ജനശ്രീ ബീമാ യോജന</u>

2548 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അസംഘടിത തൊഴിലാളികൾക്കായി 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജനശ്രീ ബീമാ യോജന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ ഇ.എസ്.ഐ</u>
<u>ആശുപത്രികള്‍/ഡിസ്പന്‍സറികള്‍</u>

2549 ശ്രീ.റ്റി. വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ എവിടെയൊക്കെയാണ് ഇ.എസ്.ഐ ആശുപത്രികള്‍/ഡിസ്പെന്‍സറികള്‍ നിലവിലുള്ളത്; വിശദാംശം നല്‍കുമോ;

(ബി) പ്രസ്തുത ആശുപത്രികള്‍ നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തില്‍ ഇ.എസ്. ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?